"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ജോയിന്റ് ഡയറക്ടർ (ഇഎ) തസ്തികയിലെ ചുമതല ക്രമീകരണം-ശ്രീമതി.ത്രേസ്യാമ്മ ആന്റണി, ജോയിന്റ് ഡയറക്ടർ & ജനന മരണ ചീഫ് രജിസ്ട്രാർ-ന് അധികച്ചുമതലാ ബത്ത അനുവദിച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2799/2025/LSGD തിരുവനന്തപുരം,തീയതി, 12-11-2025

പരാമർശം:-
1. സ.ഉ.(സാധാ)നം.1226/2024/തസ്വഭവ തീയതി 05.07.2024
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.12.2023-ലെ LSGD/PD/62776/23-IE1 നം.കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (ഇഎ) തസ്തികയിൽ 31.05.2023-ൽ വിരമിക്കൽ മുഖേന ഒഴിവു നിലവിൽ വന്നപ്പോൾ ശ്രീമതി.ത്രേസ്യാമ്മ ആന്റണി, ജോയിന്റ് ഡയറക്ടർ & ജനന മരണ ചീഫ് രജിസ്ട്രാർ-ന് 31.05.2023 അപരാഹ്നം മുതൽ 31.07.2023 പൂർവ്വാഹ്നം വരെ പ്രസ്തുത തസ്തികയുടെ പൂർണ്ണ അധികച്ചുമതല നല്കി തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ ഉത്തരവായിരുന്നു. പ്രസ്തുത നടപടിക്ക് പരാമർശം (1) പ്രകാരം സാധൂകരണം നല്കിയിരുന്നു. ജോയിന്റ് ഡയറക്ടർ (ഇഎ) -ടെ അധികച്ചുമതല വഹിച്ച കാലയളവിലേക്ക് ശ്രീമതി.ത്രേസ്യാമ്മ ആന്റണി-യ്ക്ക് അധികച്ചുമതലാ ബത്ത അനുവദിക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ജനന മരണ ചീഫ് രജിസ്ട്രാർ & ജോയിന്റ് ഡയറക്ടർ ആയ ശ്രീമതി.ത്രേസ്യാമ്മ ആന്റണിയ്ക്ക് കെ എസ് ആർ ഭാഗം I, ചട്ടങ്ങൾ 53 (b) (2) [ as amended vide GO(P) No.88/2017 Fin dated: 11.07.2017], 53 A II (b) (3), 53 (c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4%എന്ന നിരക്കിൽ 01.06.2023 മുതൽ 30.07.2023 വരെ അധികച്ചുമതലാ ബത്ത അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABITHA BAI A S
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി.ത്രേസ്യാമ്മ ആന്റണി, ജോയിന്റ് ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Suja. M
Date: 15-11-2025 11:55:10

സെക്ഷൻ ഓഫീസർ